LIBRARY ARCHIVES Kerala Legislative Assembly

അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവിന് ആനുപാതികമായി വില വർദ്ധിപ്പിക്കാതെ കാലിത്തീറ്റ വിതരണം ചെയ്യാൻ നിലവിൽ കേരളാ ഫീഡ്സിന് സാധിക്കുന്നുണ്ട്.

(സി) കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ ക്ഷീരവികസന മേഖലയിലേയ്ക്ക് ധാരാളം പേർ കടന്നുവരുന്നതിനാൽ കാലിത്തീറ്റയുടെ ഉത്പാദനം വർദ്ധിപ്പിക്കേണ്ടതാണെന്ന വിലയിരുത്തൽ സർക്കാരിനുണ്ടോ?

ക്ഷീരവികസന മേഖലയിലേയ്ക്ക് ധാരാളം പേർ കടന്നുവരുന്നുണ്ട്. ഈ മേഖലയിൽ കാലിത്തീറ്റ കൂടുതലായി ആവശ്യമാകുന്ന പക്ഷം അതിനനുസരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കേരള ഫീഡ്സ് ലിമിറ്റഡും മിൽമയും സജ്ജമാണ്.

(ഡി) പുതുതായി കാലിത്തീറ്റ നിർമ്മാണ ഫാക്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

പുതുതായി കാലിത്തീറ്റ നിർമ്മാണ ഫാക്ടറികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

മൃഗസംരക്ഷണത്തിനായി ടെലിമെഡിസിൻ സംവിധാനം

16 (*106) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുമൃഗങ്ങളിലെ രോഗബാധമൂലം കർഷകർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. മൃഗസംരക്ഷണ മേഖലയിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് വകുപ്പ് മുഖേന നൽകിയ നഷ്ടപരിഹാരത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2016-17	- Rs. 1,11,98,945
2017-18	- Rs. 1,44,56,250
2018-19	- Rs. 1,39,80,600
2019-20	- Rs. 83,44,450
2020-21	- Rs. 1,78,91,700

2019-20, 2020-21 വർഷങ്ങളിൽ കേരളത്തിലാകെയുള്ള കന്നുകാലികൾക്കും മറ്റു പക്ഷിമൃഗാദികൾക്കും ഉണ്ടായ അസുഖങ്ങൾ സംബന്ധിച്ച AHEAD സോഫ്റ്റ് വെയറിൽനിന്നും ലഭ്യമായ മിഷ റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.* 2019-20 വർഷം നടത്തിയ രോഗചികിത്സകളുടെ എണ്ണം - 66,34,211, 2020-21 വർഷം നടത്തിയ രോഗചികിത്സകൾ - 77,40,345 ആണ്.

(ബി) കന്നുകാലികളുടെ ആരോഗ്യപരിപാലനത്തിനായി ടെലി മെഡിസിൻ സംവിധാനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നിലവിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള ടെലി മെഡിസിൻ സംവിധാനമായ "ഇ-സഞ്ജീവനി ഒപിഡി" മാതൃകയിൽ മൃഗസംരക്ഷണ വകുപ്പിലും ഒരു "ടെലി വെറ്ററിനറി ഒപിഡി" നടപ്പാക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) ടെലിമെഡിസിൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൃഗഡോക്ടർമാർക്കായി പരിശീലന പരിപാടി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഡോക്ടർമാർക്ക് വീഡിയോകോൾ സംവിധാനം വഴി മൃഗങ്ങളെ കാണുന്നതിനും ചികിത്സിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) പൊതുജനാരോഗ്യ മേഖലയിൽ നടപ്പിലാക്കിവരുന്ന ഇ-സഞ്ജീവനി പദ്ധതിയുടെ മാതൃകയിൽ മൃഗസംരക്ഷണ മേഖലയിൽ ടെലിമെഡിസിൻ പദ്ധതി വ്യാപിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

"ഇ-സഞ്ജീവനി ഒപിഡി" സംവിധാനം തയ്യാറാക്കിയ C-DAC മായി പ്രസ്തുത പദ്ധതി സംബന്ധിച്ച ചർച്ച നടത്തിവരികയാണ്.

(ഇ) പ്രസ്തുത പദ്ധതി സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് പ്രചരണ, ബോധവൽക്കരണ പരിപാടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പരിഗണനയിലുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly